# കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്

# പൗരാവകാശരേഖ

**2005 ലെ അറിയുവാനുള്ള അവകാശ നിയമം**
**ചട്ടങ്ങൾ പ്രകാരം**
**പ്രസിദ്ധീകരിക്കുന്നത്**




KOTTARAKKARA BLOCK PANCHAYAT
N
2 0 2 4 6 Kilometers
Neduvathur
Ezhukone
Kottarakkara
Karipra
KOTTARAKKARA BLOCK
Veliyam
Pooyappally
State Highway
National Highway
Railway Line
© GIS Information Kerala Mission
Source Central Survey Office



# ആമുഖം

പൊതുസ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ പൗരൻറെ അവകാശവും അത് നിയതമായി അറിയിക്കുകയും ചെയ്യുന്നത് കടമയുമാണ്. ബ്ലോക്ക് പഞ്ചായത്ത് സ്വമേധയാ പൗരൻമാർക്ക് വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും അവയെ സംബന്ധിച്ച വ്യവസ്ഥകളും വിശദമാക്കിക്കൊണ്ട് പ്രസിദ്ധീകരിക്കുന്ന രേഖയാണ് പൗരാവകാശ രേഖ. ബ്ലോക്ക് പഞ്ചായത്തും അതിന് കൈമാറ്റം ചെയ്യപ്പെട്ടുകിട്ടിയിട്ടുള്ളതുമായ സ്ഥാപനങ്ങളും മുഖാന്തിരം പൗരന് ഉറപ്പ് നൽകുന്ന സേവനങ്ങളുടെ രേഖയാണ് ഇവിടെ പ്രസിദ്ധീകരിക്കുന്നത്. അറിയുവാനും ചോദിക്കുവാനും ആവശ്യപ്പെടുവാനുമുള്ള പൗരൻറെ അവകാശ രേഖയായിരിക്കും ഇതെന്ന് പ്രതീക്ഷിക്കുന്നു. ആശിക്കുന്നു.

ഒപ്പ്/
**റാണി എൽ.വി.**
സെക്രട്ടറി
ബ്ലോക്ക് പഞ്ചായത്ത്

25.05.2026

## അറിയുക
## അറിയിക്കുക

എന്നുള്ളത് പൗരൻറെ അവകാശമായി വ്യവസ്ഥ ചെയ്തിരിക്കുന്ന രാജ്യമാണ് നമ്മുടേത്. ജനാധിപത്യം നിലനിൽക്കുന്നത് തന്നെ ഇത്തരം ജനകീയ ആശയങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇൻഡ്യൻ പാർലമെൻറ് 2005 ൽ പാസ്സാക്കിയ അറിയുവാനുള്ള അവകാശ നിയമവും, കേരളാ പഞ്ചായത്ത് രാജ് ആക്ടും പൗരാവകാശരേഖയുടെ പ്രാധാന്യവും ആവശ്യവും ഉറപ്പാക്കുന്നുണ്ട്. പൊതുഅധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങളും രേഖകളും എല്ലാം പൗരൻമാർക്കും ലഭ്യമാക്കുന്നതിനും അതിൻറെ പ്രവർത്തനങ്ങൾ സുതാര്യതയും ഉത്തരവാദിത്വവും, വിശ്വാസവും ഉറപ്പാക്കുന്നതിനും അഴിമതി ഇല്ലായ്മ ചെയ്യുന്നതിനുമാണ് പൗരവകാശ നിയമങ്ങളെല്ലാം ലക്ഷ്യമിടുന്നത്. കൊട്ടാരക്കര ബ്ലോക്ക്പഞ്ചായത്തും അതിൻറെ ഘടകസ്ഥാപനങ്ങളും മുഖാന്തിരം ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളും, ആനുകൂല്യങ്ങളും എങ്ങനെ, എവിടെ, എപ്പോൾ, എന്ന് കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ ജനങ്ങളുടെ അവകാശ സംരക്ഷണത്തിൻറെ രേഖയായിരിക്കുമെന്ന ഉത്തമ വിശ്വാസത്തോടും പ്രതീക്ഷയോടും കൂടിയാണ് ബ്ലോക്ക് പഞ്ചായത്ത് ഈ പൗരാവകാശ രേഖ പ്രസിദ്ധീകരിയ്ക്കുന്നത്.

സസ്നേഹം

ഒപ്പ്/
**ബിന്ദു.എസ്**
പ്രസിഡന്റ്
ബ്ലോക്ക് പഞ്ചായത്ത്

25.05.2026

## അദ്ധ്യായം 1

## ബ്ലോക്ക് പഞ്ചായത്തിന്റെ വികസനസ്ഥിതി അവസ്ഥ

### പൊതുവിവരങ്ങൾ

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | : | കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത് |
| വിലാസം | : | ഇ.റ്റി.സി പി.ഒ, കൊട്ടാരക്കര.<br>പിൻ - 691531 |
| ഫോൺ നമ്പർ | : | 0474 - 2454694 |
| ഇമെയിൽ ഐ.ഡി | : | bdoktra@gmail.com |
| ബ്ലോക്ക് നിൽക്കുന്ന പ്രദേശം | : | കൊട്ടാരക്കര മുൻസിപ്പൽ പ്രദേശം |
| വിസ്തീർണ്ണം | : | 117.42 ച.കി.മീ |
| അതിരുകൾ | : | വെട്ടിക്കവല, ചടയമംഗലം ബ്ലോക്കുകൾ<br>കൊട്ടാരക്കര മുനിസിപ്പാലിറ്റി |
| കിഴക്ക്<br>ബ്ലോക്കുകൾ | : | ചിറ്റുമല, മുഖത്തല, വെട്ടിക്കവല, |
| പടിഞ്ഞാറ് | : | വെട്ടിക്കവല ബ്ലോക്ക് |
| തെക്ക് | : | ഇത്തിക്കര ബ്ലോക്ക് |
| ജനസംഖ്യ | | |
| പുരുഷൻമാർ | : | 67825 |
| സ്ത്രീകൾ | : | 76206 |
| ആകെ | : | 144031 |
| ജനസാന്ദ്രത | : | 1211 ച.കീ.മി |
| ബ്ലോക്ക് പ്രദേശം ഉൾപ്പെടുന്ന<br>പാർലമെന്റ് മണ്ഡലം | : | 1. മാവേലിക്കര<br>ശ്രീ. കൊടിക്കുന്നിൽ സുരേഷ്<br>2. കൊല്ലം<br>ശ്രീ. എൻ. കെ . പ്രേമചന്ദ്രൻ |
| ബ്ലോക്ക് പ്രദേശം ഉൾപ്പെടുന്ന<br>നിയമസഭാമണ്ഡലങ്ങൾ | : | 1. കൊട്ടാരക്കര.<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>2. ചാത്തന്നൂർ<br>ശ്രീ. ബി.ബി.ഗോപകുമാർ |

## ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതി

| | | |
|---|---|---|
| ശ്രീമതി.എസ്.ബിന്ദു | - | പ്രസിഡൻറ് |
| ശ്രീ.ആർ.പ്രേമചന്ദ്രൻ | - | ചെയർമാൻ, വൈസ് പ്രസിഡൻറ്, ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി |
| ശ്രീമതി.ഷീജ.പി | - | ചെയർപേഴ്സൺ, വികസനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി |
| ശ്രീമതി. ജീന തമ്പാൻ | - | ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി |
| ശ്രീ.എസ്.വിനയൻ | - | ചെയർമാൻ വിദ്യാഭ്യാസം, ആരോഗ്യം സ്റ്റാൻറിംഗ് കമ്മിറ്റി |
| ശ്രീ. ആർ.പ്രശാന്ത് | - | മെമ്പർ |
| ശ്രീ.സന്തോഷ് ശ്രീസായി | - | ,, |
| ശ്രീമതി. ഷൈലജ.എൽ | - | ,, |
| ശ്രീ.ജയൻ.റ്റി.ബി | - | ,, |
| ശ്രീ.ബിബിൻ റോയി | - | ,, |
| ശ്രീമതി. ജലജ ബാലകൃഷ്ണൻ | - | ,, |
| ശ്രീമതി. ഗീതാകുമാരി | - | ,, |
| ശ്രീമതി. ആതിര ജോൺസൺ | - | ,, |
| ശ്രീ.എഴുകോൺ രാജ്മോഹൻ | - | ,, |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് ഡിവിഷനുകൾ | : | 1. നെടുവത്തൂർ<br>ശ്രീ. അരുൺകുമാർ<br>2. കരീപ്ര<br>അഡ്വ.സുമലാൽ<br>3. വെളിയം<br>ശ്രീ. കെ.എസ്.ഷിജുകുമാർ<br>4. വെളിനല്ലൂർ<br>ശ്രീ. സന്തോഷ് പി.ആർ |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | 14 |
| ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾ | : | 1. എഴുകോൺ, 2. കരീപ്ര, 3. നെടുവത്തൂർ<br>4. പൂയപ്പള്ളി, 5. വെളിയം |
| ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനം | : | കൊട്ടാരക്കര(കൊട്ടാരക്കര മുൻസിപ്പാലിറ്റി) |
| താലൂക്ക് | : | കൊട്ടാരക്കര |
| ജില്ല | : | കൊല്ലം |
| സംസ്ഥാനം | : | കേരളം |
| ബ്ലോക്ക് ഡിവിഷനുകൾ | : | 14 |
| വനിതാസംവരണം | : | 7 |
| പട്ടികജാതി സംവരണം | : | 1 |
| പട്ടികജാതി വനിതാസംവരണം | : | 1 |
| ജനറൽ | : | 7 |

| പഞ്ചായത്തുകൾ | പ്രസിഡന്റുമാർ | മൊബൈൽ |
|---|---|---|
| കരീപ്ര | മനു വിനോദ് | 8893122192 |
| എഴുകോൺ | ജസ്സി സണ്ണി | 9745270709 |
| നെടുവത്തൂർ | വിദ്യ വി | 9744241496 |
| വെളിയം | രേഖ എസ് | 9526630312 |
| പൂയപ്പള്ളി | ശശികല എൽ | 9544814973 |

# ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളും ജനപ്രതിനിധികളും

| ഡിവിഷൻ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | പ്രതിനിധികൾ | ഫോൺ നമ്പർ |
|---|---|---|---|
| 1. | തേവലപ്പുറം | ശ്രീ.ആർ.പ്രശാന്ത് | 7907030882 |
| 2. | നെടുവത്തൂർ | ശ്രീ.സന്തോഷ് ശ്രീസായി | 9745117062 |
| 3. | മുട്ടറ | ശ്രീ.ഷൈലജ.എൽ | 9656060462 |
| 4. | ഓടനാവട്ടം | ശ്രീ.ആർ.പ്രേമചന്ദ്രൻ | 9447894253 |
| 5. | വെളിയം | ശ്രീ.എസ്.വിനയൻ | 9846571206 |
| 6. | മൈലോട് | ശ്രീ.ജയൻ റ്റി.ബി | 9037484211 |
| 7. | പൂയപ്പള്ളി | ശ്രീ.ബിബിൻ റോയ് | 9747775309 |
| 8. | കൊട്ടറ | ശ്രീമതി. ജലജ ബാലകൃഷ്ണൻ | 9605005451 |
| 9. | നെടുമൺകാവ് | ശ്രീമതി.ഗീതാകുമാരി | 9446111854 |
| 10 | മടന്തകോട് | ശ്രീമതി.എസ്.ബിന്ദു | 9495370594 |
| 11. | കരീപ്ര | ശ്രീമതി.ഷീജ.പി | 9605327298 |
| 12 | തൃപ്പിലഴികം | ശ്രീമതി. ആതിര ജോൺസൺ | 8078206595 |
| 13. | എഴുകോൺ | ശ്രീമതി. ജീനാ തമ്പാൻ | 7558069358 |
| 14 | ഇരുമ്പനങ്ങാട് | ശ്രീ.എഴുകോൺ രാജ്മോഹൻ | 9447723411 |

| | | |
|---|---|---|
| **ബ്ലോക്ക് ആസൂത്രണസമിതി അംഗങ്ങൾ** | – | ശ്രീ.എ.അഭിലാഷ് – 7907534825 |
| | | ശ്രീ. പി.അനീഷ് – 9496329488 |
| | | ശ്രീ. ഷൈല സലിംലാൽ – 9446818050 |
| | | ശ്രീമതി. മിനി കെ – 8086198090 |
| | | ശ്രീ. സജിനി ഭദ്രൻ – 9995947451 |
| | | ശ്രീ. വി.സന്ദീപ് – 9567367419 |
| | | ശ്രീ. എസ്.ശശികുമാർ – 9447894221 |
| | | ശ്രീ. ജി.മോഹനൻ – 9495106382 |
| | | ശ്രീ.രാജശേഖരൻനായർ – 9495055660 |

**ബ്ലോക്ക് പഞ്ചായത്ത് ഇൻഫർമേഷൻ സെന്റർ (വിവരാവകാശ നിയമം)**

| | | |
|---|---|---|
| പബ്ലിക് ഇൻഫർമേഷൻ ആഫീസർ | : | ഹെഡ് ക്ലർക്ക് |
| അസിസ്റ്റന്റ് ഇൻഫർമേഷൻ ആഫീസർ | : | സീനിയർ ക്ലാർക്ക് |
| അപ്പലേറ്റ് അതോറിറ്റി | : | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി<br>കൊട്ടാരക്കര |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| പദവി | പേര് | ഫോൺനമ്പർ |
|---|---|---|
| സെക്രട്ടറി | ശ്രീമതി. റാണി എൽ,വി, | 9605767415 |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീമതി.ധന്യ കൃഷ്ണൻ | 7907712327 |
| അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.സിനി.പി | 7025838631 |
| അസി.എഞ്ചിനീയർ | ശ്രീ.അസ്ജാദ് എം.എഫ് | 9037593295 |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.രാകേഷ്.എ | 9495319276 |
| ശിശുവികസന പ്രോജക്ട് ഓഫീസർ | ശ്രീമതി. ശ്രീജ.പി | 9995540164 |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ജിൻസി ജോയ് | 8129514694 |
| മെഡിക്കൽ ഓഫീസർ | ഡോ.സലിലദേവി.പി.ആർ | 9447462139 |
| വ്യവസായ വികസന ഓഫീസർ | ശ്രീ.വിപിൻ ചന്ദ്രലാൽ | 9809173167 |
| വെറ്ററിനറി സർജൻ | ഡോ.ദീപ്തി എസ് | 8078859299 |

# പൗരാവകാശ നിയമം

2005 മേയ് 11 നു ലോകസഭ പാസ്സാക്കിയ അറിയുവാനുള്ള അവകാശ നിയമത്തിന് ജൂൺ 15-ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. അന്നു മുതൽ പൗരാവകാശനിയമത്തിൻറെ പല പ്രധാന വകുപ്പുകളും നിലവിൽ വന്നു. നിയമം പൂർണ്ണമായും പ്രാബല്യത്തിൽ വന്നത് ഒക്ടോബർ 12 മുതലാണ് .(ജമ്മുകാശ്മീർ ഒഴികെ).

പൊതുഅധികാര സ്ഥാപനങ്ങളുടെ കൈവശമുള്ള വിവരങ്ങൾ എല്ലാ പൗരമ്മാർക്കും ലഭ്യമാക്കുന്നതിനും പൊതു അധികാരകേന്ദ്രങ്ങളുടെ പ്രവർത്തനത്തിൽ സുതാര്യതയും വിശ്വാസ്യതയും വർദ്ധിപ്പിക്കുന്നതും ജനങ്ങളോടുള്ള ഉത്തരവാദിത്വം നിലനിർത്തുന്നതിനും, അഴിമതി നിർമ്മാർജനം ചെയ്യുന്നതിനുമാണ് ഈ നിയമം.

അറിയുവാനുള്ള അവകാശം എന്നത് ഒരു പൊതു അധികാരിയുടെ കൈവശമോ നിയന്ത്രണത്തിൽ കീഴിൽ ഉള്ള വിവരങ്ങൾ അറിയുന്നതിന് പൗരന്മാർക്കുള്ള അവകാശമാണ് സർക്കാർ സ്ഥാപനങ്ങൾ, സർക്കാർ സഹായധനം നൽകുന്ന സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള ഒരു ജോലിയോ പ്രമാണമോ, രേഖയോ പരിശോധിക്കുന്നതിനുള്ള അവകാശം, രേഖയുടെയോ, പ്രമാണത്തിൻറെയോ കുറുപ്പുകളോ സംക്ഷിപ്തമോ എടുക്കൽ, സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ എടുക്കൽ ഏതു പദാർത്ഥത്തിൻറെയും സാക്ഷ്യപ്പെടുത്തിയ സാമ്പിളുകൾ എടുക്കൽ, കമ്പ്യൂട്ടറിലോ അതു പോലെയുള്ള മറ്റു ഇലക്ട്രോണിക് സംവിധാനങ്ങളിലോ ശേഖരിച്ചുവച്ചിട്ടുള്ള വിവരങ്ങൾ പ്രിൻറ് ഔട്ടുകൾ, ഫ്ളോപ്പികൾ, ഡിസ്ക്കുകൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ മുതലായ രൂപത്തിൽ പകർത്തിയെടുക്കാനുള്ള അവകാശം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. രാജ്യസുരക്ഷയ്ക്കും മറ്റു ചില താല്പര്യങ്ങളുടെ പ്രത്യേക സംരക്ഷണത്തിനുമുള്ള വിവരങ്ങളും ഒഴിച്ചു എല്ലാ വിവരങ്ങളും നിയമ പ്രകാരം ജനങ്ങൾക്കു നൽകേണ്ടതാണെന്ന് നിയമം അനുശാസിക്കുന്നു. ഒഴിവാക്കിയിട്ടുള്ള കാര്യങ്ങൾ നിയമത്തിൻറെ എട്ടാം വകുപ്പിൽ പറഞ്ഞിരിക്കുന്നു.

## കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും

## അദ്ധ്യായം XXV

## അറിയുവാനുള്ള അവകാശം

**271. എ. നിർവചനങ്ങൾ - ഈ അദ്ധ്യായത്തിൻറെ ആവശ്യത്തിനായി.**

**(എ)** വിവരങ്ങൾ എന്നാൽ ഒരു പഞ്ചായത്തിൻറെ ഭരണപരമോ വികസനപരമോ, നിയന്ത്രണപരമോ ആയ ചുമതലകളെ സംബന്ധിച്ച് ഒരു പ്രമാണത്തിൽ അടങ്ങിയിരിക്കുന്ന ഏതെങ്കിലും വസ്തുതകളോ വിവരങ്ങളോ എന്നർത്ഥമാകുന്നതും അതിൽ ആ പഞ്ചായത്തിനെ സംബന്ധിച്ച ഏതെങ്കിലും പ്രമാണമോ രേഖയോ ഉൾപ്പെടുന്നതുമാകുന്നു.

**(ബി)** അറിയാനുള്ള അവകാശം എന്നാൽ വിവരങ്ങൾ ലഭ്യമാകാനുള്ള അവകാശം എന്നർത്ഥമാകുന്നതും അതിൽ ഏതെങ്കിലും ഒരു പ്രമാണത്തിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് എടുക്കുന്നതിനോ പ്രസക്തഭാഗങ്ങൾ പകർത്തുന്നതിനോ ഉള്ള അവകാശവും ഉൾപ്പെടുന്നതുമാകുന്നു.

**(സി)** 'വിജ്ഞാപിത പ്രമാണം' എന്നാൽ 271 ബി വകുപ്പിൻറെ (2) )o ഉപവകുപ്പിൻകിഴിൽ സർക്കാർ വിജ്ഞാപനപ്പെടുത്തിയിട്ടുള്ള പഞ്ചായത്തിൻറെ ഏതെങ്കിലും പ്രമാണം എന്നർത്ഥമാകുന്നു.

**271 ബി. അറിയാനുള്ള അവകാശം -**

(1) ഏതെങ്കിലും വിവരം ഉത്തമവിശ്വാസത്തോടുകൂടി ആവശ്യപ്പെടുന്ന ഓരോ ആളിനും അപ്രകാരമുള്ള വിവരം നിർണ്ണയിക്കപ്പെട്ട നടപടിക്രമത്തിന് അനുസൃതമായി ഒരു പഞ്ചായത്തിൽനിന്നും ലഭിക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

(2)(1))o ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന്, പൊതു ഭരണത്തിൻറെയും തദ്ദേശ ഭരണത്തിൻറെയും താൽപര്യാർത്ഥം ഗസറ്റ് വിജ്ഞാപനമൂലം, പ്രത്യേകതരം വിവരങ്ങൾ അടങ്ങുന്ന ഏതു പ്രമാണങ്ങളും വിജ്ഞാപിത പ്രമാണമായി തരാതിരിക്കാവുന്നതും അത്തരം പ്രമാണത്തിലെ വിവരങ്ങൾ അറിയുവാൻ യാതൊരാൾക്കും അവകാശം ഇല്ലാത്തതും അവ അറിയുവാനുള്ള എതൊരപേക്ഷയും പഞ്ചായത്തിന് നിരസ്സിക്കാവുന്നതുമാണ്.

(3)സർക്കാരിന്, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് മൂലം, ഉത്തരവിൽ പറഞ്ഞിട്ടുള്ളതരം വിവരങ്ങൾ ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ആളുകളുടെ പൊതുവായ അറിവിലേയ്ക്ക് പ്രസിദ്ധപ്പെടുത്തുവാൻ ആ പഞ്ചായത്തിനോട് നിദ്ദേശിക്കാവുന്നതാണ്.

**271.സി. വിവരം നൽകുന്നതിനുള്ള നടപടിക്രമം** - (1) ഒരു പഞ്ചായത്തിൽ നിന്നും ഏതെങ്കിലും വിവരം ആവശ്യമുള്ള ഒരാൾ, അതിനായി നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിലും വിധത്തിലും അപ്രകാരമുള്ള ഫീസ് നൽകിയും ആ പഞ്ചായത്തിൻറെ സെക്രട്ടറിക്ക് ഒരു അപേക്ഷ നൽകേണ്ടതും

നിശ്ചിത കാലാവധിക്കുള്ളിൽ (പ്രസ്തുത അപേക്ഷ അതിനകം നിരസിക്കാത്ത പക്ഷമോ മറ്റു വിധത്തിൽ തീർപ്പാക്കാത്ത പക്ഷമോ) സെക്രട്ടറിയോ പഞ്ചായത്ത് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ അപേക്ഷകന് ആവശ്യപ്പെട്ട വിവരം നൽകേണ്ടതുമാണ്.

(2)വിവരം ആവശ്യപ്പെട്ടുകൊണ്ടുള്ള ഏതെങ്കിലും അപേക്ഷ നിരസിക്കുകയാണെങ്കിൽ അപ്രകാരം നിരസിക്കുന്നതിനുള്ള കാരണം രേഖമൂലം അറിയിക്കേണ്ടതാണ്.

**271 . ഡി. വിവരം തടഞ്ഞുവെയ്ക്കുന്നതിന് പിഴ ഈടാക്കൽ** - (1) ഈ അധ്യായത്തിൻകീഴിൽ ഏതെങ്കിലും വിവരം നൽകാൻ ബാദ്ധ്യസ്ഥനായ പഞ്ചായത്തിൻറെ സെക്രട്ടറിക്കോ, ഏതെങ്കിലും ഉദ്യോഗസ്ഥനോ, അപ്രകാരമുള്ള വിവരം ഒരു 'വിജ്ഞാപിത പ്രമാണ'ത്തെപ്പറ്റിയല്ലാത്ത പക്ഷം നിശ്ചിത കാലയളവിനുള്ളിൽ അത് നൽകുവാൻ വ്യക്തിപരമായ ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്.

(2) നിശ്ചിത സമയത്തിനുള്ളിൽ അപ്രകാരം വിവരം നൽകാത്ത പക്ഷം വിവരം നൽകാതിരുന്നതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ വിവരം നൽകേണ്ടതായ അവസാനതീയതിക്കുശേഷം കാലതാമസം ഉണ്ടാകുന്ന ഓരോ ദിവസത്തിനും അൻപത് രൂപ വീതം പിഴശിക്ഷ നൽകി ശിക്ഷിക്കേണ്ടതും അപ്രകാരം ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ വരവുവയ്ക്കേണ്ടതുമാണ്.

(3)ഈ അദ്ധ്യായത്തിൻകീഴിൽ വിവരം നൽകാൻ ബാദ്ധ്യസ്ഥനായ പഞ്ചായത്തിൻറെ സെക്രട്ടറിയോ മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ അപ്രകാരം വിവരം നൽകാൻ പരാജയപ്പെടുകയോ അഥവാ

അതിൻറെ കാതലായ ഭാഗങ്ങളെ സംബന്ധിച്ച തെറ്റായ വിവരം നൽകുകയും അത് തെറ്റാണെന്നോ അഥവാ ശരിയല്ലെന്നോ അയാൾക്കറിയാമായിരിക്കുകയോ അഥവാ അപ്രകാരം വിശ്വസിക്കുവാൻ തക്കതായ കാരണം ഉണ്ടായിരിക്കുകയോ ചെയ്യുന്നപക്ഷം അയാളെ ആയിരം രൂപയിൽ കുറയാത്ത പിഴശിക്ഷനൽകി ശിക്ഷിക്കേണ്ടതാണ്.

**271. ഇ. ഉത്തമവിശ്വാസത്തിൽ എടുത്ത നടപടിയ്ക്ക് സംരക്ഷണം** - 271 ഡി വകുപ്പിൽ എന്തു തന്നെ അടങ്ങിയിരുന്നാലും വിവരം നൽകാൻ ബാദ്ധ്യസ്ഥനായ സെക്രട്ടറിയോ, ഉദ്യോഗസ്ഥനോ ഒരു പ്രമാണത്തിനായി വിശദമായ തെരച്ചിൽ നടത്തിയശേഷം, പ്രമാണം സംരക്ഷിക്കേണ്ട കാലാവധി കഴിഞ്ഞിട്ടുള്ളതിനാലോ ആ പ്രമാണം ഇല്ലെന്നോ മറ്റേതെങ്കിലും സാധുവായ കാരണത്താലോ കണ്ടുകിട്ടാൻ സാധ്യതയില്ലെന്നോ കാണുകയും ആയതിനാൽ ആ വിവരം നൽകാൻ കഴിയാതിരിക്കുകയും ചെയ്യുന്ന പക്ഷം ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതും അപേക്ഷ തീർപ്പാക്കേണ്ടതും അയാൾക്കെതിരെ ഒരു നടപടിയും നിലനിൽക്കുന്നതല്ലാത്തതുമാണ്.

## പൗരാവകാശരേഖ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പെതുഭരണം സുതാര്യമാക്കുന്നതിനും പൗരന്മാർക്ക് സേവനങ്ങൾ യഥാസമയം ലഭ്യമാകും എന്നുറപ്പുവരുത്തുന്നതിനുംവേണ്ടി കേരള പഞ്ചായത്ത് രാജ് നിയമത്തിലും കേരള മുനിസിപ്പാലിറ്റീസ് ആക്ടിലും വ്യവസ്ഥ ചെയ്തിട്ടുള്ള രണ്ട് സുപ്രധാന വകുപ്പുകളാണ് അറിയാനുള്ള അവകാശവും, പൗരാവകാശ രേഖയും.

പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 271 എ പ്രകാരം ഒരു പൗരൻ ഉത്തമവിശ്വാസത്തോടെ ആവശ്യപ്പെടുന്ന ഏതൊരു വിവരവും നടപടി ക്രമങ്ങൾ പാലിച്ചു കൊണ്ട് ലഭിക്കുവാൻ അവകാശമുണ്ട്. അതുപോലെ പഞ്ചായത്ത് രാജ് വകുപ്പ് 272 എ പ്രകാരം ഒരു പൗരവകാശരേഖ പ്രസിദ്ധീകരിക്കണമെന്നും വ്യവസ്ഥചെയ്യുന്നു.

പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് ലഭ്യമാക്കാമെന്ന് സ്വമേധയാ വാഗ്ദാനം ചെയ്യുന്ന സേവനങ്ങളും, അവയെ സംബന്ധിച്ച വ്യവസ്ഥകളും, അവ ലഭ്യമാക്കുന്ന സമയപരിധിയും വിവരിച്ചുകൊണ്ട് ഭരണസമിതി അംഗീകരിച്ചു പ്രസിദ്ധീകരിക്കുന്ന പത്രികയാണ് പൗരാവകാശരേഖ.

സേവനങ്ങളെന്നാൽ ഒരു പൗരൻറെ ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിന് അയാൾക്ക് സൗജന്യമായോ ന്യായമായ ഫീസ് ഈടാക്കിയോ ചെയ്തു കൊടുക്കുന്ന സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായങ്ങളും ഏതെങ്കിലും കാര്യത്തിനായുള്ള അനുവാദമോ ലൈസൻസോ സർട്ടിഫിക്കറ്റോ നൽകലും ഉൾപ്പെടുന്നു.

പഞ്ചായത്ത് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന സേവനങ്ങൾ ഏവ? അവ ലഭ്യമാക്കുന്നതിന് എടുക്കുന്ന സമയം എത്ര? സ്വീകരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാം? ഇവ ലഘൂകരിക്കുന്നതെങ്ങനെ? തുടങ്ങിയ കാര്യങ്ങൾ ഉദ്യോഗസ്ഥരുടെ ലഭ്യത, ഫണ്ടിൻറെ പര്യാപ്തത എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പൗരാവകാശ രേഖയിൽ, ഉൾപ്പെടുത്തുന്ന സേവനങ്ങൾ, അതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണം എന്തൊക്കെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും സേവനങ്ങൾ ലഭ്യമാകുക, എത്ര സമയത്തിനുള്ളിൽ ലഭ്യമാകും എന്നീ കാര്യങ്ങളും വ്യക്തമാക്കിയിരിക്കണം.

### പൗരാവകാശരേഖ പ്രസിദ്ധീകരിക്കൽ

പൗരവകാശരേഖ പഞ്ചായത്തിൻറെ ഭരണസമിതി അംഗീകരിച്ചുകഴിഞ്ഞാൽ അതു പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും വേണം. പൗരാവകാശ രേഖയുടെ രത്നചുരുക്കം ഒരു ബോർഡിൽ പെയിൻറുകൊണ്ട് എഴുതി പഞ്ചായത്താഫീസിൽ പൊതുജനങ്ങൾക്ക് കാണത്തക്ക വിധം പ്രദർശിപ്പിക്കണം. പൊതുജനങ്ങളുടെ അറിവിലേക്കായി ഓഫീസ് നോട്ടീസ് ബോർഡിലും പൊതു

നോട്ടീസ് ബോർഡിലും പ്രദർശിപ്പിക്കണം. ഇത് അച്ചടിച്ച് സൗജന്യമായി വിതരണം ചെയ്യണം. കോപ്പി ആവശ്യപ്പെടുന്നവർക്ക് ലഭ്യമാക്കാൻ തദ്ദേശഭരണസ്ഥാപനം നടപടി എടുക്കണം.

## അപേക്ഷകൾ

പൗരാവകാശരേഖയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു സേവനം ലഭ്യമാക്കുന്നതിന് ആവശ്യക്കാരൻ നിശ്ചയിക്കപ്പെട്ട ഫോറത്തിൽ സെക്രട്ടറിക്ക് അല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അപേക്ഷ സമർപ്പിക്കണം. അപേക്ഷാഫോറം സൗജന്യമായോ, യഥാർത്ഥ വില ഈടാക്കിയോ പഞ്ചായത്ത് ലഭ്യമാക്കണം. ഫാറം വിതരണം ചെയ്യുവാനും, അന്വേഷണങ്ങൾക്ക് മറുപടി നൽകാനും, ഓഫീസിൽ ഒരു കൗണ്ടർ സംവിധാനം ഏർപ്പെടുത്തണം. കിട്ടുന്ന അപേക്ഷകൾ നമ്പറിട്ട് രജിസ്റ്ററിൽ ചേർത്ത് കൈപ്പറ്റ് രസീത് നൽകണം.

## സേവനം ലഭ്യമാക്കാനുള്ള ബാധ്യത

പൗരാവകാശ രേഖയിൽ പരാമർശിച്ചിട്ടുള്ള ഒരു സേവനം പറഞ്ഞിട്ടുള്ള സമയത്തിനകം അർഹമായ അപേക്ഷകന് ലഭ്യമാക്കാൻ ഭരണ സമിതിയും സെക്രട്ടറിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ബാദ്ധ്യസ്ഥരായിരിക്കും. വീഴ്ച വരുത്തുന്നത് വാഗ്ദാന ലംഘനമാണ്. സേവനം ന്യായമായ കാരണങ്ങളാൽ ലഭ്യമാക്കാൻ കഴിയുന്നില്ലങ്കിൽ പ്രസ്തുത വിവരം അപേക്ഷകന് ഉദ്ദേശിക്കപ്പെട്ട സമയ പരിധിയ്ക്കകം അറിയിക്കണം.

## പൗരാവകാശ രേഖ പുതുക്കൽ

മുൻ വർഷത്തെ അനുഭവങ്ങളെ അടിസ്ഥാനമാക്കി വർഷത്തിലൊരിക്കൽ ഭരണസമിതി ചെയ്ത പൗരാവകാശ രേഖയിൽ ഉചിതമായ മാറ്റം വരുത്തി കാലനുസൃതമാക്കണം.

## ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന സേവനങ്ങൾ

1. ഭവന നിർമ്മാണം ( പ്രധാന മന്ത്രി ആവാസ് യോജന)
2. ബി.പി.എൽ സർട്ടിഫിക്കറ്റ്
3. ഭവന ആനുകൂല്യം ലഭിക്കാൻ എൻ.ഒ.സി
4. പട്ടികജാതി കോർപ്പറേഷൻ വായ്പ്പയ്ക്ക് എൻ.ഒ.സി
5. മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മേൽനോട്ടവും പരാതി പരിഹാര സംവിധാനവും
6. അംഗൻവാടിയ്ക്കും സ്കൂളിനും പൊതു സ്ഥലത്തിനും നൽകുന്ന ടോയ്ലറ്റുകൾ
7. ജനകീയാസൂത്രണ പദ്ധതി വഴി നൽകുന്ന ആനുകൂല്യങ്ങൾ

8. വിവധ തൊഴിൽ പരിശീലനങ്ങൾ

9. മാലിന്യമുക്ത നവകേരളം  ഏകോപനം

10. സാക്ഷരത തുടർ വിദ്യാഭ്യാസ പരിപാടി

11. ഗസറ്റഡ് ഓഫിസർ എന്ന നിലയിൽ രേഖകളുടെ സാക്ഷ്യപ്പെടുത്തൽ

12. വ്യവസായ വകുപ്പിൽ നിന്നുമുള്ള സേവനങ്ങളുടെ മാർഗ്ഗോപദേശങ്ങൾ

**1. ബി.പി.എൽ (ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബം)**

ഗ്രാമ വികസന വകുപ്പിൻറെ മേൽനോട്ടത്തിൽ 5 വർഷത്തിൽ ഒരിക്കൽ നടത്തുന്ന കുടുംബ സമഗ്ര സർവ്വയിലൂടെ കണ്ടെത്തുന്ന കുടുംബങ്ങളുടെ ലിസ്റ്റ്, ഗവ. നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റാനുള്ള യോഗ്യത, ചികിത്സ ആനുകൂല്യത്തിന് ഹാജരാക്കാം. ബി.പി.എൽ സർട്ടിഫിക്കറ്റിന് വെള്ള കടലാസിൽ അപേക്ഷ സമർപ്പിക്കുക. സ്റ്റാമ്പ് പതിക്കേണ്ടതില്ല. അപേക്ഷയോടൊപ്പം വി.ഇ.ഓ യുടെ റിപ്പോർട്ട് ഹാജരാക്കണം. ബി.പി.എൽ സർട്ടിഫിക്കറ്റ് അപേക്ഷ സമർപ്പിക്കുന്ന ദിവസം തന്നെ ലഭിക്കും.

**2. പ്രധാനമന്ത്രി ആവാസ് യോജന(ഭവനം)-**

SECC (സോഷ്യോ ഇക്കണോമിക് കാസ്റ്റ് സെൻസസ്) ലിസ്റ്റ് പ്രകാരം തെരഞ്ഞെടുത്ത ബി പി ഇൽ വിഭാഗം ഗുണഭോക്താക്കൾ വി ഇ ഒ മുഖാന്തരം അച്ചടിച്ച ഫോറത്തിൽ അപേക്ഷിക്കണം. 200 രൂപ മുദ്രപ്പത്രം,ഭൂമിയുടെ കൈവശാവകാശ സർട്ടിഫിക്കറ്റ്, എസ് സി വിഭാഗമാണെങ്കിൽ ജാതി സർട്ടിഫിക്കറ്റ് ഫോട്ടോ, നിലവിലുള്ള വീടിന്റെ ഫോട്ടോ എന്നിവ ഹാജരാക്കണം. 3 ദിവസത്തിനകം തുക അനുവദിക്കും.

**3. ഭവനത്തിന് എൻ.ഒ.സി :**

പട്ടികജാതി വകുപ്പ് വഴിയോ മറ്റേതെങ്കിലും സർക്കാർ വകുപ്പ് വഴിയോ ജനകീയാസൂത്രണ പദ്ധതിയിലോ ഭവനനിർമ്മാണ സഹായത്തിന് തെരഞ്ഞെടുത്തവർ, തങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്ത് വഴി വീട് ലഭിച്ചിട്ടില്ല എന്ന് സർട്ടിഫിക്കറ്റ് ഹാജരാക്കണം. വി.ഇ.ഒ.യുടെ റിപ്പോർട്ടുമായി ബ്ലോക്കാഫീസിൽ അപേക്ഷ സമർപ്പിച്ചാൽ അന്നു തന്നെ ലഭിക്കും.

**4. ഭവന നിർമ്മാണം (പ്ലാൻ ഫണ്ട്) :**

ജനകീയാസൂത്രണ പദ്ധതിയിൽ  പ്ലാൻ ഫണ്ട് ഉപയോഗിച്ചു വീട് തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴി ആനുകൂല്യം നൽകും. ഐ.എ.വൈ മാനദണ്ഡങ്ങൾ അനുസരിച്ചാണ് വീട് നൽകുക.

**5. ഭവന പുനരുദ്ധാരണം:**

5 വർഷത്തിലേറെ പഴക്കമുള്ള  പരിഷ്കരണം നടത്തേണ്ടുന്ന  വീടുകൾക്ക് പുനരുദ്ധാരണത്തിന് ഗ്രാമസഭ തെരഞ്ഞെടുക്കുന്ന കുടുംബം. ബി.പി.എൽ കുടുംബമായിരിക്കണം. പ്രിന്റഡ് ഫോം 200 രൂപ മുദ്രപത്രം, എസ്റ്റിമേറ്റ്, പഞ്ചായത്തിൽ നിന്നുള്ള കാലപ്പഴക്കം ഹാജരാക്കണം. 3 ദിവസത്തിനകം തുക നൽകും.

## 6. വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി:-

5 ഗ്രാമപഞ്ചായത്തുകളിലെ കലാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി വിവിധ കലാഭ്യാസത്തിന് സഹായം നൽകുന്നു.

## 7. പട്ടികജാതി കോർപ്പറേഷൻ വായ്പയ്ക്ക് എൻ. ഒ. സി:

പട്ടികജാതി കോർപ്പറേഷനിൽ നിന്നും വായ്പ എടുക്കുന്നതിന് എസ് സി വിഭാഗ ക്കാർ വായ്പ അപേക്ഷയിൽ ബ്ലോക്ക് ഓഫീസ് വഴി ധനസഹായം കൈപ്പറ്റിയിട്ടില്ലാ യെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. അതിനുവേണ്ടി വി ഇ ഒ യുടെ റിപ്പോർട്ട് വാങ്ങി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിച്ചാൽ അന്നു തന്നെ സർട്ടിഫിക്കറ്റ് ലഭിക്കും.

## 8. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

## ( എംജിഎൻആർഇജിഎസ്) :

അവിദ്ഗധ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ഉറപ്പ് നൽകുന്നു. കാർഷിക മേഖലയിലെ മുരടിപ്പ് മാറ്റാനും കരാറുകാരെ ഒഴിവാക്കു വാനും കഴിഞ്ഞു. രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം എല്ലാ ഗ്രാമപഞ്ചായത്തു കളും വഴി നിർവ്വഹിക്കുന്നു. പരാതികൾ ബി പി ഒ എന്ന നിലയിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കണം.

## 9. അംഗൻവാടി,സ്കൂൾ വിമൺ കോംപ്ലക്സ് ടോയ്‌ലറ്റ്, സമ്പൂർണ ശുചിത്വ മിഷൻ-

കേന്ദ്ര സഹായമായി അംഗൻവാടികൾക്ക് ടോയ്‌ലറ്റിന് 5000/- രൂപ, സ്കൂൾ ഗേൾ ഫ്രണ്ട്‌ലി ടോയ്‌ലറ്റിന് 20000/- രൂപ, വിമൺ കോംപ്ലക്സിന് 20000/- രൂപ എന്നീ ഇന ത്തിൽ സബ്സിഡി നൽകുന്നു. ബാക്കി തുക പ്ലാൻ ഫണ്ടിൽ നിന്നോ ഓൺ ഫണ്ടിൽ നിന്നോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ചെലവഴിക്കാം. ഗ്രാമപഞ്ചായത്തു വഴി പ്രോജക്ട് സമർപ്പിക്കണം.

## 10. കില സി സ് ഇ ഡി തൊഴിൽ പരിശീലനങ്ങൾ:-

18നും 40 നും മദ്ധ്യേ പ്രായമുള്ള യുവതി യുവാക്കൾക്കു തിരഞ്ഞെടുത്ത ബാങ്കുകൾ വായ്പ അനുവദിച്ചിട്ടുള്ളവർക്ക് വ്യക്തിഗതമായി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും, തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനും തൊഴിൽ പരിശീലനം നൽകുന്നു. സഹായം നൽകാൻ തെരഞ്ഞെടുത്ത സ്വയംസഹായ സംഘങ്ങൾക്കും പരിശീലനം നൽകുന്നു. വെള്ളപ്പേപ്പറിൽ അപേക്ഷ സമർപ്പിച്ചാൽ മതി

## 11. മാലിന്യ മുക്തം കേരളം:-

പരിപാടിയുടെ ഗ്രാമപഞ്ചായത്തുതലത്തിലുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്യുന്നതും നടപ്പാക്കുന്നതിനും പരിശീലനം നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്താണ്. ആയമാർ, ഹെൽത്ത് പ്രമോഷൻ ടീം, ആരോഗ്യവകുപ്പ്, കുടുംബശ്രീ എന്നിവർക്ക് ഉത്തരവാദിത്തം.

## 12. സാക്ഷരതാ തുടർ വിദ്യാഭ്യാസ പദ്ധതി :

പഠനം ഇടയ്ക്കുവച്ച് നിർത്തേണ്ടി വന്നവർക്കും പഠിയ്ക്കുവാൻ താത്പര്യമുള്ളവർക്കും നാല്, ഏഴ് ക്ലാസ്സുകളിലും പത്താം ക്ലാസ്സിലും പഠിച്ച് പരീക്ഷ എഴുതാം. സർട്ടിഫിക്കറ്റുകൾ ഗവ അംഗീകരിച്ചതാണ്. സാക്ഷരതാ മിഷൻ വിദ്യാകേന്ദ്രങ്ങൾ വഴിയാണ് പഠനം നടക്കുന്നത്. സാക്ഷരതാ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ഗസറ്റഡ് ഓഫീസർ എന്ന നിലയിൽ ഒറിജിനൽ രേഖകൾ നോക്കി അനുബന്ധരേഖകൾ സാക്ഷ്യപ്പെടുത്തുന്നു. പകർപ്പ് സാക്ഷ്യപ്പെടുത്തുന്നു.

## 13. എം കെ എസ് പി

കേന്ദ്ര ഗവൺമെൻറിൻറെ പദ്ധതിയായ എം. കെ. എസ്. പി. പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. വിവരാവകാശനിയമപ്രകാരം വിവരങ്ങൾ നൽകുന്നു.

**കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്ത്-സാക്ഷരതാമിഷൻ പ്രവർത്തനങ്ങൾ**

കൊട്ടാരക്കര ബ്ലോക്ക് പഞ്ചായത്തിൻറെ നിയന്ത്രണത്തിൽ 2 വികസന കേന്ദ്രങ്ങളും ബ്ലോക്ക് പരിധിയിലെ 5 പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ 74 വിദ്യാഭ്യാസ കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു.

### പ്രധാന പ്രവർത്തനങ്ങൾ

1 നിരക്ഷരത നിർമ്മാർജ്ജനം

2. സാക്ഷരാക്ലാസ്സുകൾ

3. തുല്യതാ പഠനം

4. ജീവിത ഗുണനിലവാര പരിപാടികൾ

5. പത്താംതരം തുല്യതാപഠനം

6. വരുമാന വർദ്ധന പരിപാടികൾ

7. വ്യക്തിഗത താത്പര്യപോഷിണ പരിപാടികൾ

8. ഗുഡ് ഇംഗ്ലീഷ് പദ്ധതി

**1. നിരക്ഷരതാ നിർമ്മാർജ്ജനം**

ഇതിൻറെ ഭാഗമായി സർവ്വേയിലൂടെ നിരക്ഷരരെ കണ്ടെത്തുന്നു.

**2. സാക്ഷരതാ ക്ലാസ്സുകൾ**

74 സാക്ഷരതാ കേന്ദ്രങ്ങളിലും സാക്ഷരതാ ക്ലാസ്സ് നടക്കുന്നു.

**3. 4, 7 തുല്യതാ പഠനം**

300 പേരെ നാലാംതരം തുല്യതാ പരീക്ഷ എഴുതിച്ചു. 390 പേരെ എഴാംതരം തുല്യതാ പരീക്ഷ എഴുതിച്ചു.

4. **പത്താംതരം തുല്യതാപഠനം** : പത്താം ക്ലാസ്സിലേക്ക് 2 പ്രാവശ്യമായി 180 പേർ രജിസ്റ്റർചെയ്തു. അതിൽ 130 പേർ വിജയിച്ചു.

**5. ജീവിത ഗുണനിലവാര പരിപാടികൾ**

തൊഴിൽ പരിശീലനങ്ങൾ, ഗവൺമെൻറിൻറെ വിവിധ ഏജൻസികളായ ഹെൽത്ത് ഡിപ്പാർട്ട്മെൻറ്, എനർജി കൺസർവേഷൻ സൊസൈറ്റി, ജലവിഭവവകുപ്പ്. കൃഷിവകുപ്പ്, വനം വകുപ്പ്, എയ്ഡ്സ് കൺട്രോൾ സൊസൈറ്റി, സ്റ്റേറ്റ് റിസോഴ്സ് സെൻറർ, ഫീൽഡ് പബ്ലിസിറ്റി, വിവരകാശ നിയമബോധന പരിപാടി, യുവജനക്ഷേമ ബോർഡ്, ക്ഷീരവികസന വകുപ്പ്, സാമൂഹ്യ ക്ഷേമവകുപ്പ്, മൃഗസംരക്ഷവകുപ്പ്. മനുഷ്യാവകാശ കമ്മീഷൻ, തുടങ്ങിയവയുമായി ചേർന്ന് ബോധവത്കരണ പരിപാടികൾ, ശിൽപശാലകൾ മുതലായവ നടത്തി. കൂടാതെ ജനശീഷൻ തൽസ്ഥാൻ ഐ ആർ ഡി, നെഹ്റു യുവകേന്ദ്ര മുതലായവ പരിശീലനങ്ങൾ നടത്തി.

**6. വരുമാന വർദ്ധന പരിപാടികൾ**

എല്ലാ കേന്ദ്രങ്ങളിലും തൊഴിൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ബുക്ക് നിർമാണം, ബയൻറിംഗ്, ഓഫീസ് സ്റ്റേഷനറി, കുട നിർമാണം. പ്രഷർബാഗ് നിർമാണം, തയ്യൽ യൂണിറ്റ്, പേപ്പർ നിർമാണം, ലോഷൻ, സോപ്പ്, ചന്ദനത്തിരി നിർമാണം, എംബ്രോയിഡറി വർക്കുകൾ, ടെക്സ്റ്റയിൽ പ്രിൻറിംഗ് തുടങ്ങിയ യൂണിറ്റുകൾ പ്രവർത്തിക്കുന്നു.

**7. വ്യക്തിഗത താത്പര്യപോഷണ പരിപാടികൾ**

ഡാൻസ് പരിശീലനം, സംഗീത പഠനം, ബാലവേദി പ്രവർത്തനങ്ങൾ, വനിതാവേദി പ്രവർത്തനങ്ങൾ, പി. എസ്. സി. കോച്ചിംഗ് ക്ലാസ്സുകൾ, അപേക്ഷാ ഫോമുകൾ വിതരണം തുടങ്ങിയവയാണ്.

**8. ഗുഡ് ഇംഗ്ലീഷ് പദ്ധതി**

പത്താം തരം തുല്യതയും പന്ത്രണ്ടാം തരം തുല്യത പരീക്ഷകൾ പാസ്സായവർക്ക് ഇംഗ്ലീഷ് പരിജ്ഞാനം ഉണ്ടാകുന്ന ബ്ലോക്ക് പഞ്ചായത്ത് തുക അടച്ച് ഇംഗ്ലീഷ് വിദ്യാഭ്യാസം ഉറപ്പാക്കുന്നു.